**Malayala Manorama**
**30 August 2018**
**Kochi; After Flood, Distribution of Medicine Kits**

# പ്രളയബാധിത വീടുകളിൽ മരുന്നു കിറ്റ് വിതരണം

കൊച്ചി ● ജില്ലയിലെ പ്രളയ ബാധിതരുടെ വീടുകളിൽ ഭാരതീയ ചികിൽസാ വകുപ്പും നാഷനൽ ആയുഷ് മിഷനും ആയുർവേദ മെഡിക്കൽ അസോസിയേഷനും ചേർന്നു രോഗപ്രതിരോധ മരുന്നു കിറ്റ് വിതരണവും ബോധവൽക്കരണവും നടത്തി.

സ്നേഹ സാന്ത്വനം എന്നു പേരിട്ട പദ്ധതിയിൽ ഏരൂർ, വരാപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, പറവൂർ (മുനിസിപ്പാലിറ്റി), കീഴ്മാട്, കുന്നുകര, പാറക്കടവ്, കാലടി, ആലുവ (മുനിസിപ്പാലിറ്റി), ശ്രീമൂലനഗരം, കടുങ്ങല്ലൂർ, മലയാറ്റൂർ, വെളിയത്തുനാട്, ചൂർണിക്കര, കലൂർകാട്, കാഞ്ഞൂർ, ചിറ്റാട്ടുകര, പുത്തൻവേലിക്കര, ചെങ്ങമനാട്, ആലങ്ങാട് പ്രദേശങ്ങളിലാണ് കിറ്റ് വിതരണം ചെയ്തത്.

രണ്ടു ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളജ്, നങ്ങേലിൽ ആയുർവേദ കോളജ് എന്നിവിടങ്ങളിലെ അധ്യാപകരും വിദ്യാർഥികളും അതതു സ്ഥലത്തെ കൗൺസിലർമാരും ജനസേവകരും ഉൾപ്പെട്ട സംഘം വീടുകൾ സന്ദർശിച്ചു മരുന്നു കിറ്റ് വിതരണം ചെയ്തു.

ആലുവ മെട്രോ സ്റ്റേഷൻ പരിസരത്ത് എസ്. ശർമ എംഎൽഎ വിതരണയാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

ഭാരതീയ ചികിൽസാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ഉഷ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ഡി.ആർ. സാദത്, ആയുഷ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ഡോ. രാജശേഖരൻ നായർ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ. ദേവീദാസ് വെള്ളോടി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി കോഓർഡിനേറ്റർ ഡോ. എ.എം. അൻവർ, ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. കൃഷ്ണകുമാർ, ഡോ. ബിജു ജോർജ്, ഡോ. ജിബിൻ എന്നിവർ പങ്കെടുത്തു.